കായിക വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾ

308 (2137) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ബഡ്ജറ്റിൽ കായിക വകുപ്പിനായി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർത്തിയാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾക്കോരോന്നിനുമായി 2013-14-ൽ വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര ; പിൻവലിക്കാതെ അവശേഷിച്ച തുക എത്ര ; വ്യക്തമാക്കാമോ ;

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തപ്പെട്ടിരുന്നോ ; എങ്കിൽ എത്ര വീതം ; അനുവദിക്കപ്പെട്ട തുക എത്ര വീതം ; പിൻവലിക്കാതെ ട്രഷറിയിൽ അവശേഷിക്കുന്ന തുക എത്രവീതം ; .വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ കായിക വകുപ്പുമായി ബന്ധപ്പെട്ട മൾട്ടി പർപ്പസ് സിന്തറ്റിക് സ്റ്റേഡിയങ്ങളുടെ നിർമ്മാണം, കായിക വികസനനിധി രൂപീകരണം, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്, ചങ്ങനാശ്ശേരിയിലെ സ്പോർട്സ് കോംപ്ലക്സ് എന്നിവ പൂർത്തിയായിട്ടില്ല.

(ബി) കായിക വികസന നിധിക്കായി 50 ലക്ഷം രൂപയും കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സിനായി 20 ലക്ഷം രൂപയും ചങ്ങനാശ്ശേരി സ്പോർട്സ് കോംപ്ലക്സിന് 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ആയതിൽ കായികവികസന നിധിക്കായി അനുവദിച്ച 50 ലക്ഷം രൂപ പിൻവലിച്ചു.

(സി) തുടർന്നുള്ള ബഡ്ജറ്റുകളിൽ കായികവികസനനിധി, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് എന്നിവയ്ക്ക് തുക വകയിരുത്തിയിരുന്നു.

കായിക വികസനനിധി :

2014-15 - അനുവദിച്ച തുക 40 ലക്ഷം, തുക പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്.

2015-16 - അനുവദിച്ച തുക 40 ലക്ഷം, തുക ചെലവഴിച്ചില്ല.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് :

2014-15 - അനുവദിച്ച തുക 20 ലക്ഷം, ചെലവഴിച്ച തുക 20 ലക്ഷം.

2015-16 - അനുവദിച്ച തുക 20 ലക്ഷം, ചെലവഴിച്ച തുക 15 ലക്ഷം.

LIBRARY ARCHIVES Kerala Legislative Assembly